No. 179/2022

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

യേശുക്രിസ്തുവിലൂടെ ലോകത്തിന് വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ഉത്തമദൃഷ്ടാന്തമാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷനറി പ്രവർത്തനങ്ങൾ എന്നത് നിങ്ങളെ അറിയിക്കുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അനാഥർ, ആലംബഹീനർ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവർക്കായി കർണ്ണാടകയിലെ കുണിഗൽ, മക്കോഡിയ, ഭിലായ്, ഇറ്റാർസി, കലഹണ്ടി, പൂനെ-ദേഹു റോഡ്, യാച്ചാരം, നെയ്യാറ്റിൻകര എന്നിങ്ങനെ കേരളത്തിനുഅകത്തും പുറത്തുമായി വിവിധ സ്ഥാപനങ്ങൾ അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അർപ്പണബോധമുള്ള യുവതീ-യുവാക്കൾ മുന്നോട്ടുവന്നെങ്കിലേ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. അപ്രകാരമുള്ളവരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും സഭാമക്കൾക്കു കഴിയണം. നമ്മുടെ എല്ലാ ഇടവകകളിലും സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുകയും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുകയും ചെയ്യണം.

മിഷൻ സൺഡേ കവർപിരിവിൽ കഴിഞ്ഞവർഷം ലഭിച്ചത് 78,27,169.54.64 രൂപയാണ്. ജൂലൈ മാസത്തിൽ നടത്തിവന്നിരുന്ന മിഷൻ സൺഡേ ദിനാചരണം കോവിഡ് മൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിലും നടത്തുവാൻ സാധിച്ചില്ല. ഈ വർഷം സെന്റ് തോമസ് ദിനം കൂടിയായ ജൂലൈ മാസം 3-ാം തീയതി ഞായറാഴ്ച മിഷൻ സൺഡേ ദിനമായി ആചരിക്കുകയാണ്. അന്നേദിവസം സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും, മിഷൻ സൺഡേ കവർ പിരിവ് വിജയിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം. കോവിഡ് മഹാമാരി മാറിനിൽക്കുന്ന സാഹചര്യത്തിൽ നമ്മുടെ പ്രിയപ്പെട്ട വൈദികർ ഇക്കാര്യത്തിൽ പ്രത്യേകം താത്പര്യം കാണിക്കണം. കഴിഞ്ഞവർഷം പകുതിയോളം ഇടവകകൾ മിഷൻ സൺഡേ സംഭാവന നൽകിയിട്ടില്ലാ എന്ന് നാം മനസിലാക്കുന്നു. പിരിവ് നടത്തിയതിനുശേഷം സത്യസന്ധ്യമായി അയച്ചുകൊടുക്കാതിരിക്കുന്ന പ്രവണത ദൈവസന്നിധിയിൽ കുറ്റകരമാണ്. മിഷൻ സൺഡേ പിരിവ് ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാ എന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. മിഷൻ സൺഡേ ദിനത്തിലെ കാണിക്കയും, കവർപിരിവും, പ്രത്യേക സംഭാവനയും ചേർത്ത് മിഷൻ ബോർഡ് പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പേരിൽ സെന്റ്പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി.ഒ., മാവേലിക്കര-690103 എന്ന വിലാസത്തിൽ അയച്ചുകൊടുക്കണം. Malankara Orthodox Syrian Church Mission Society, Account No. 018003741810190001, IFS Code: CSBK0000180, CSB Mavelikara Branch എന്ന

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതുമാണ്. തുക ട്രാൻസ്ഫർ ചെയ്യുന്നപക്ഷം മിഷൻ ഓഫീസിൽ (ഫോൺ: 0479-2302473, 9947399066) അറിയിക്കേണ്ടതാണ്. വിദേശത്തുനിന്നും ചെക്കുകൾ അയയ്ക്കുമ്പോൾ Malankara Orthodox Syrian Church Mission Society എന്നുതന്നെ ചെക്കിൽ എഴുതി അയയ്ക്കുകയും, അയയ്ക്കുന്നത് വ്യക്തികളാണെങ്കിൽ അവരുടെ പാസ്പോർട്ടിന്റെ കോപ്പിയും, പള്ളികളോ സംഘടനകളോ ആണെങ്കിൽ അവ രജിസ്റ്റർ ചെയ്തിരിക്കുന്ന രജിസ്ട്രേഷൻ കോപ്പിയും (സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോപ്പി) ചെക്കിനോടൊപ്പം അയച്ചു നൽകുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 മെയ് മാസം 26-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും